**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2255** **06-07-2022 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് നഴ്സുമാരെ സ്ഥിരപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പരിരക്ഷ പാലിയേറ്റീവ് രംഗത്ത് പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന നഴ്സുമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച 5650069/21/എം (എൽ.എസ്.ജി&ആർ.ഡി.&ഇ) നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 565069/21/എം (എൽ.എസ്.ജി & ആർ.ഡി.&ഇ) നമ്പരായി ശ്രീ.പി.ഉബൈദുള്ള എം.എൽ.എ സമർപ്പിച്ച കത്തിലേയും അതിനോടൊപ്പമുള്ള നിവേദനത്തിലേയും ലഭിച്ച മറ്റ് നിവേദനങ്ങളിലേയും ആവശ്യങ്ങൾ EPA2/179/2021/LSGD എന്ന ഫയലിൽ പരിശോധിക്കുകയും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18,390/- രൂപയായി 01.02.2021 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് 03.06.2022 ലെ സ.ഉ(സാധാ)നം. 1373/2022/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2. ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം കാലാകാലം വർദ്ധിപ്പിച്ച് ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പരിധിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെയും ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടി വിഭാഗം ജീവനക്കാരെ ഉത്തരവിന്റെ അനുബന്ധത്തിലെ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>3. പാലിയേറ്റീവ് സംവിധാനത്തിന്റെ പ്രവർത്തനത്തിനായി 2019 ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ കാലികമാക്കുന്നതിനായി ഇക്കാര്യത്തിലുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കരാർ അടിസ്ഥാനത്തിൽ തുടരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സർക്കാരിന് നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | 565069/21/എം (എൽ.എസ്.ജി & ആർ.ഡി.&ഇ) നമ്പരായി ശ്രീ.പി.ഉബൈദുള്ള എം.എൽ.എ സമർപ്പിച്ച കത്തിലേയും അതിനോടൊപ്പമുള്ള നിവേദനത്തിലേയും ലഭിച്ച മറ്റ് നിവേദനങ്ങളിലേയും ആവശ്യങ്ങൾ EPA2/179/2021/LSGD എന്ന ഫയലിൽ പരിശോധിക്കുകയും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18,390/- രൂപയായി 01.02.2021 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് 03.06.2022 ലെ സ.ഉ(സാധാ)നം. 1373/2022/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>2. ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം കാലാകാലം വർദ്ധിപ്പിച്ച് ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പരിധിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെയും ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടി വിഭാഗം ജീവനക്കാരെ ഉത്തരവിന്റെ അനുബന്ധത്തിലെ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>3. പാലിയേറ്റീവ് സംവിധാനത്തിന്റെ പ്രവർത്തനത്തിനായി 2019 ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ കാലികമാക്കുന്നതിനായി ഇക്കാര്യത്തിലുള്ള പ്രൊപ്പോസൽ സർക്കാരിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കരാർ അടിസ്ഥാനത്തിൽ തുടരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ